# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി3/742/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 23/09/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ കാര്യാലയം, ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി3/742/2023 തീയ്യതി: 23/09/2023

## ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.കെ. വിനോദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-06-2023 | 23-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-06-2023 | 23-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ. മൊഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനുമോൻ കെ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോസ് സ്കറിയ കണ്ണമുണ്ടയിൽ | പ്രസിഡന്റ് | 01-04-2022 | 30-07-2022 |
| ശ്രീമതി അന്നമ്മ ജോൺസൺ | പ്രസിഡന്റ് | 31-07-2022 | 16-08-2022 |

| | | | |
|---|---|---|---|
| ശ്രീ. മനോജ് എം. റ്റി. | പ്രസിഡന്റ് | 17-08-2022 | 31-03-2023 |
| ശ്രീ ധനേഷ് ബി | സെക്രട്ടറി | 01-04-2022 | 03-07-2022 |
| ശ്രീ ജോസുകുട്ടി മാത്യൂ | സെക്രട്ടറി | 04-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീ ദിലീപ് കെ.എം | പട്ടിക ജാതി വികസന ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീ സുനീഷ് പി.വൈ | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫിസർ | 01-04-2022 | 28-06-2022 |
| ശ്രീ റോയി ഒ.ജി. | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫിസർ | 29-06-2022 | 31-03-2023 |
| ഡോ. കെ. ഇ. സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., ഉപ്പുതറ | 01-04-2022 | 31-03-2023 |
| ഡോ. ബിനു കെ ജോൺ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 01-04-2022 | 06-06-2022 |
| ഡോ. ശ്രുതി വി | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 07-06-2022 | 29-08-2022 |
| ഡോ. ഷിനു നൈനാൻ | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 30-08-2022 | 07-12-2022 |
| ഡോ. വരുൺ പി. ജി. | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി., വണ്ടൻമേട് | 07-12-2022 | 31-03-2023 |
| ശ്രീ. ഉഷാനന്ദൻ കെ.എം. | അസി.എക്സി.എഞ്ചിനിയർ | 01-04-2022 | 21-07-2022 |
| ശ്രീമതി. ജിനിത കെ. എൽ. | അസി.എക്സി.എഞ്ചിനിയർ | 22-07-2022 | 31-03-2023 |
| ശ്രീ. ജോസഫ് തോമസ് | അസി.എഞ്ചിനിയർ | 01-04-2022 | 24-09-2022 |
| ശ്രീ സത്യപ്രകാശ് ഡി. | അസി.എഞ്ചിനിയർ | 25-09-2022 | 31-03-2023 |
| ശ്രീമതി. രമ പി.കെ. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ | 01-04-2022 | 17-02-2023 |
| ശ്രീമതി ശ്രീദേവി എ.എസ്. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ | 18-02-2023 | 31-03-2023 |
| ശ്രീമതി ജാനറ്റ് എം. സേവ്യർ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ II | 01-04-2022 | 17-12-2022 |
| ശ്രീമതി ലേഖ ആർ. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ II | 18-12-2022 | 27-12-2022 |
| ശ്രീമതി ജോളി കെ.പി. | ചൈൽഡ് ഡവലപ്പ്മെന്റ് | 28-12-2022 | 13-01-2023 |

| | | | |
|---|---|---|---|
| | പ്രോജക്ട് ഓഫിസർ II | | |
| ശ്രീമതി ശ്രീദേവി എ.എസ്. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫിസർ II | 14-01-2023 | 31-03-2023 |
| ശ്രീമതി സിന്ദു പി.ആർ | കൃഷി അസി.ഡയറക്ടർ | 01-04-2022 | 13-04-2022 |
| ശ്രീ. ഗോവിന്ദരാജ് എം. | കൃഷി അസി.ഡയറക്ടർ | 14-04-2022 | 14-07-2022 |
| ശ്രീമതി സിന്ദു പി.ആർ | കൃഷി അസി.ഡയറക്ടർ | 15-07-2022 | 24-08-2022 |
| ശ്രീ. ഗോവിന്ദരാജ് എം. | കൃഷി അസി.ഡയറക്ടർ | 25-08-2022 | 09-10-2022 |
| ശ്രീമതി ടീസ സെലിൻ ജോസഫ് | കൃഷി അസി.ഡയറക്ടർ | 10-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-2 |
| 4 | അക്കൌണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-7 |
| 9 | ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | കാഷ് പരിശോധന | 1-5 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-6 |
| 15 | ഇ ടെണ്ടർ ഫീസ് ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയിട്ടില്ല. | 1-7 |
| 16 | സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-8 |
| 17 | അസി എക്സി. എഞ്ചിനീയറുടെ വാഹന വാടക-വാഹന ഉടമയിൽനിന്ന് ആദായനികുതി ഈടാക്കിയില്ല | 1-9 |
| 18 | ഉപ്പുതറ ഗ്രാമ പഞ്ചായത്ത്-കാപ്പിപ്പതാൽ പുരയ്ക്കൽ കുടിവെള്ളപദ്ധതി പൂർത്തിയായില്ല | 1-10 |
| 19 | പി.എം.എ.വൈ ഭവനനിർമ്മാണപദ്ധതി-ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗൃഹനിർമാണം പൂർത്തീകരിച്ചില്ല | 1-11 |
| 20 | സെക്കൻഡറി പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായില്ല | 1-12 |
| 21 | ബ്ലോക്ക് ആർ ആർ എഫിന് ഉപകരണങ്ങൾ വാങ്ങൽ - വാങ്ങൽ പ്രക്രിയ മരാമത്ത് പ്രവൃത്തിയായി നടപ്പാക്കി | 1-13 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4- 8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2023-ലെ 3(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഏന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 23.09.2023

| |
|---|
| 1-1-1 ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല |
| സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി സംവിധാനത്തിലേക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യത കണക്കുകൾ കൃത്യമല്ല. |
| 1-1-2 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല |
| സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല. |
| 1-1-3 അക്കൌണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല |
| 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ് 62(2)(ഇ)(എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. |
| 1-1-4 പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ |
| അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഇതര സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകളാണ് ലഭ്യമാകുന്നത്. |
| 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല |
| ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഇതേ പത്രകയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും വ്യത്യസ്തമാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്. |
| 1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 1-1-7 ജേർണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല |
| ജേർണൽ വൌച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ ജേർണൽ എൻട്രികളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല. |
| 1-1-8 ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാനം രേഖപ്പെടുത്തിയിരിക്കുന്നു. |
| സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത റോഡുകൾ, പാലങ്ങൾ തുടങ്ങിയ ആസ്തികൾക്ക് തേയ്മാന കിഴിവ് |

രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

ബജറ്റ്

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | 1(1)/25.03.2022 | | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 2/14.03.2022 | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 3702194 | 477919056 | 481621250 | 478608750 | 3012500 |

പുതുക്കിയ ബജറ്റ്

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | 3(1)/13.03.2023 | | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1(2)/14.02.2023 | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 5905480 | 417490879 | 423396359 | 416020640 | 7375719 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് /ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 26344000 | 26344000 | 23486337 | 2857663 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12753000 | 12753000 | 10175538 | 2577462 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3360000 | 3360000 | 3258105 | 101895 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 4248237 | 4248237 | 2976119 | 1272118 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11128644 | 11128644 | 7175081 | 3953563 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 11335000 | 11335000 | 9407227 | 1927773 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ ACR പ്രകാരമുള്ളതാണ് മേൽ തുകകൾ. ആയത് വാർഷിക ധനകാര്യ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 108 | 123625722 | 90 | 66066319 | 18 | 83.33 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ (എണ്ണം) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|---|
| സിഡിപിഒ | 4 | 4 | 0 | 2402706 | 2365075 | 98.43 |
| സെക്രട്ടറി | 16 | 13 | 3 | 57490280 | 20617338 | 35.86 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 675000 | 656000 | 97.19 |
| എം.ഒ സിഎച്ച് സി | 10 | 10 | 0 | 6857000 | 6704462 | 97.78 |
| പട്ടിക ജാതി വികസന ഓഫീസർ | 4 | 4 | 0 | 3150000 | 2344228 | 74.42 |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 0 | 828260 | 828260 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 0 | 7212960 | 7212960 | 100 |
| അസി.എക്സി. എഞ്ചിനീയർ | 4 | 4 | 0 | 4563718 | 2995327 | 65.63 |
| അസി. എഞ്ചിനീയർ | 61 | 46 | 15 | 40445798 | 22342669 | 55.24 |
| ആകെ | 108 | 90 | 18 | 123625722 | 66066319 | 53.44 |

### 1-5 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

### 1-6 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. 2022 ജനുവരി മുതൽ E-RD Office ആയി കാര്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചുവെങ്കിലും സോഫ്റ്റ് വെയർ തകരാർ മൂലം ലക്ഷ്യം കൈവരിച്ചില്ല. നിലവിലും പഴയ മാതൃകയിലാണ് ഫയൽ നീക്കം നടന്നു വരുന്നത്.
3. മിനിട്സ് ബുക്കുകൾ, ചെക്ക് ഇഷ്യു രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. നിക്ഷേപ രജിസ്റ്ററിൽ ഇനം തിരിച്ച് ശീർഷകം നൽകി (കരാറുകാരുടെ-വിതരണക്കാരുടെ നിരതദ്രവ്യം, അവരുടെ സെക്യൂരിറ്റി നിക്ഷേപം തുടങ്ങിയവ) തുകകൾ രേഖപ്പെടുത്തുകയോ വാർഷികമായി ക്ലോസ് ചെയ്ത് നീക്കി ബാക്കി തുകകൾ അടുത്ത വർഷത്തേക്ക് പകർത്തിയെഴുതുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് അനുച്ഛേദം 282 അനുസരിച്ച് മൂന്നു വർഷത്തിലധികമായി അവകാശമുന്നയിക്കാത്ത നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ 2018-19 വർഷത്തെ നിക്ഷേപത്തുകൾ ഇപ്പോഴും നിലനിർത്തിയിട്ടുള്ളതായി കാണുന്നു, വിശദാംശങ്ങൾക്ക് ഖണ്ഡിക 1-9 കാണുക.
4. അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
5. വാഹനങ്ങളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കുകളിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു.
6. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല.

7. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
8. വാർഷിക പദ്ധതി നിർവഹണത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 108 പ്രോജക്ടുകളിൽ 90 എണ്ണവും നടപ്പാക്കി.
9. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.
10. ഗ്രാന്റ് വിനിയോഗത്തിലും മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്.
11. വാങ്ങലുകൾ സംബന്ധിച്ച നടപടികൾക്ക് പ്രൊക്യൂവർമെന്റ് കമ്മിറ്റി മേൽനോട്ടം വഹിക്കുന്നു.
12. പ്രോജക്ടുകളുടെ കാര്യക്ഷമമായ പൂർത്തീകരണം വിലയിരുത്തുന്ന സമിതി റിപ്പോർട്ടുകൾ ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-7 ഇ ടെണ്ടർ ഫീസ് ബ്ലോക്ക്പഞ്ചായത്തിന് കൈമാറിയിട്ടില്ല.

ഇ-ടെണ്ടർ നടപടികൾക്കായി അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ കട്ടപ്പന ശാഖയിൽ തുറന്നിട്ടുള്ള 00000041229466115 നമ്പർ അക്കൗണ്ടിൽ 31.03.2023-ൽ ₹1,39,625/-ഉം ഓഡിറ്റ് തീയതിയിൽ ₹1,57,295/-ഉം നീക്കിയിരിപ്പുണ്ട്. ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമാണ് എന്നിരിക്കെ അത് പഞ്ചായത്തിന് കൈമാറാതെ എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ്. മിനിമം ബാലൻസ് ഒഴിച്ചുള്ള തുക അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതും ഭാവിയിൽ പ്രസ്തുത അപാകത ഒഴിവാക്കേണ്ടതുമാണ്.

1-8 സിവിൽ നിക്ഷേപങ്ങൾ-കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I , അനുച്ഛേദം 282 അനുസരിച്ച് , 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ബ്ലോക്ക് പഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. വിതരണക്കാരനിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നീ ഇനങ്ങളിലായി 2018-19 സാമ്പത്തികവർഷം സ്വീകരിച്ചതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-9 അസി എക്സി. എഞ്ചിനീയറുടെ വാഹന വാടക-വാഹന ഉടമയിൽനിന്ന് ആദായനികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 120 |
| അടങ്കൽ | ₹211400 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ |
| ആകെ ചെലവ് | ₹176550/- |
| ചെക്ക് നം.തീയതി | ചെക്ക് നം.6773135/14.03-₹104550/- |
| | ചെക്ക് നം6773103.DT 04.01.23₹72000/- |

| | |
|---|---|
| വാഹന ഉടമ | ശ്രീ ലെജു ഭാസ്കർ, നെല്ലിത്താനത്ത്, വെള്ളയാങ്കുടി |

ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുമരാമത്ത് വിഭാഗം നിർവഹണ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രകൾക്കായി ശ്രീ. ലെജു ഭാസ്കർ, നെല്ലിത്താനത്ത്, വെള്ളയാങ്കുടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള KL34A3833 നമ്പർ ബൊലേറോ ജീപ്പ് കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്തിരുന്നു. വാഹനത്തിന്റെ വാടക ഇനത്തിൽ മേൽ വിവരിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജസ് ഒരു ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരനിൽ നിന്നും ഒരു ശതമാനം നിരക്കിൽ ആദായനികുതി കുറവ് ചെയ്യേണ്ടതാണെങ്കിലും മേൽ കരാറിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഭാവിയിൽ വാഹന വാടക അനുവദിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**1-10 ഉപ്പുതറ ഗ്രാമ പഞ്ചായത്ത്-കാപ്പിപ്പതാൽ പുരയ്ക്കൽ കുടിവെള്ളപദ്ധതി പൂർത്തിയായില്ല**

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | എസ് 22/2023 | |
| പ്രൊജക്റ്റിന്റെ പേര് | ഉപ്പുതറ ഗ്രാമ പഞ്ചായത്ത്-കാപ്പിപ്പതാൽ പുരയ്ക്കൽ കുടിവെള്ളപദ്ധതി | |
| അടങ്കൽ | ₹1485400/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| കോൺട്രാക്ടർ | ശ്രീ. ജോബിൻ ജോസഫ് | |
| നിർവഹണഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| ആകെ ചെലവ് | ₹688603/- | |
| ചെലവ് വിശദാംശങ്ങൾ | ബിൽ നം.2006321601220012തീ.30.01.2023 ₹229427/- + ബിൽ നം.2006321601220032തീ.22.03.2023₹20616/- (വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചത് ) | |
| | പാർട്ട് ബിൽ -ബിൽ നം.2006321601220060 തീ.30.03.2023 ₹438560/- | |

കോൺക്രീറ്റ് വാട്ടർ ടാങ്ക് നിർമ്മാണം, വൈദ്യുതി കണക്ഷന് തുക ഒടുക്കൽ എന്നീ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തും മോട്ടോർ, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്ന ഇനങ്ങൾ ഗ്രാമപഞ്ചായത്തും നിർവഹിക്കാനുദ്ദേശിച്ച് ആവിഷ്കരിച്ച ഈ പദ്ധതിയ്ക്കായി മേൽ വിവരിച്ച പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കുകയോ ടാങ്ക് നിർമ്മാണം പൂർത്തിയാകുകയോ ചെയ്തിട്ടില്ല. സമാന്തര പ്രവൃത്തികൾ ഗ്രാമപഞ്ചായത്തും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി യഥാവിധി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക (₹688603/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-11 പി.എം.എ.വൈ ഭവനനിർമ്മാണപദ്ധതി-ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഗൃഹനിർമാണം പൂർത്തീകരിച്ചില്ല**

പി.എം.എ.വൈ ഭവനനിർമ്മാണപദ്ധതിയിലൂടെ 2021-22 വർഷം ആദ്യഗഡു തുക കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ തൻവർഷം ഭവനനിർമ്മാണം പൂർത്തീകരിച്ച് തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവ്, ഗ്രാമ പഞ്ചായത്ത് | പ്രൊജക്റ്റ് | കൈപ്പറ്റിയതുക(₹) |
|---|---|---|
| വിജയമ്മ ജോയി, ഉപ്പുതറ | പി.എം.എ.വൈ ഭവനനിർമ്മാണം (ജനറൽ) | 48000 |
| ഇന്ദ്രാണി ചെല്ലമുത്തു ഉപ്പുതറ | പി,എം.എ.വൈ ഭവനനിർമ്മാണം (എസ്.സി) | 120000(48000 + 72000) |

ശ്രീമതി. വിജയമ്മ ജോയി ആദ്യ ഗഡു കൈപ്പറ്റിയ ശേഷം പീരുമേട് സബ് രജിസ്ട്രാർ ഓഫീസിലെ 214/22 നമ്പർ തീറാധാരപ്രകാരം വാസയോഗ്യമായ വീടു സഹിതമുള്ള സ്ഥലം വാങ്ങിയ വിഷയം ബോധ്യപ്പെട്ട ഭരണസമിതി പ്രസ്തുത തുക തിരികെ ഈടാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാന നം. 3(1)/ തീ. 26.10.2022) അത് ആറു മാസങ്ങൾക്കുശേഷവും പ്രാവർത്തികമായിട്ടില്ല. അർഹതയില്ലാത്ത വ്യക്തിക്ക് നൽകിയ തുക വസൂലാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതും പട്ടികയിലെ ക്രമ നം.2-ൽ പരാമർശിക്കുന്ന വ്യക്തിയുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ. 22.06.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-12 സെക്കൻഡറി പാലിയേറ്റീവ് കെയർ- മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ് 038/23 |
| പ്രോജക്ടിന്റെ പേര് | സെക്കൻഡറി പാലിയേറ്റീവ് കെയർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>വണ്ടൻമേട് സി.എച്ച്.സി. |
| ചെലവഴിച്ച തുക | ₹ 200000/- |
| ബിൽ വിശദാംശങ്ങൾ | ബിൽ നം.2210086301240113 1080/തീ.03.2.23 |

സെക്കൻഡറി പാലിയേറ്റീവ് കെയറിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് രണ്ടു ലക്ഷം രൂപ മേൽ പരാമർശിച്ച ബിൽപ്രകാരം കൈമാറിയെങ്കിലും വിതരണ ഏജൻസി അവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 ബ്ലോക്ക് ആർ ആർ എഫിന് ഉപകരണങ്ങൾ വാങ്ങൽ - വാങ്ങൽ പ്രക്രിയ മരാമത്ത് പ്രവൃത്തിയായി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം | എസ്118/22& എസ്099/23(SO) |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് ആർ ആർ എഫിന് ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. ബെന്നി ജോൺ |
| എഗ്രിമെന്റ് നം | 30/AE/LID&EW/KTP-21-22 |

ചെലവ് വിശദാംശങ്ങൾ

| പ്രോജക്ട് നം | അടങ്കൽ₹ | റിറ്റെൻഷൻ കഴിച്ച് പ്രവൃത്തി മൂല്യം₹ | ജി എസ് റ്റി തുക അനുവദിച്ചത് | ചെലവ് തുക₹ | ബിൽ നം/വൗച്ചർ നം/ ട്രാൻസാക്ഷൻ നം-etc |
|---|---|---|---|---|---|
| 118/22 (പാർട്ട് | 1500000 (CFC) | 1040325 | 124839 | 1165164 | XVFC/2021-22 /P/18-28.03.22 |

| | | | | | |
|---|---|---|---|---|---|
| ബിൽ) | | | | (CFC) | |
| 99/23(സ്പിൽ ഓവർ-അന്തിമ ബിൽ) | 234836 (CFC)+100000 (കേന്ദ്രാവിഷ്കൃത ഫണ്ട്) | 125479 | 15057 | 140536 (CFC) | XVFC/2022-23 /P/1-16.11.22 |
| ആകെ ചെലവ് | | | | 1305700 | |

ഇരട്ടയാർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആർ ആർ എഫിലേയ്ക്ക് പ്ലാസ്റ്റിക് ബെയ്‌ലിങ് മെഷീൻ, ഡസ്റ്റ് റിമൂവർ എന്നിവ വാങ്ങുന്നതിന് പ്രോജക്ട് നം.118/22 പ്രകാരവും കോൺക്രീറ്റ് അടിത്തറ നിർമ്മിച്ച് ഇവ സ്ഥാപിക്കുന്നതിന് പ്രോജക്ട് നം.99/23 പ്രകാരവും തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ GEM പോർട്ടലിൽ ഉയർന്ന സബ്സിഡി നിരക്കിൽ ലഭ്യമാണെന്നിരിക്കെ അതു മുഖേന നേരിട്ടോ, ഉൽപാദന-വിതരണക്കാരിൽ നിന്നും ക്വട്ടേഷൻ മുഖേനയോ വാങ്ങാമായിരുന്നു എന്നിരിക്കെ ഒരു മരാമത്ത് പ്രവൃത്തിയായി ആവിഷ്കരിച്ച് നടപ്പാക്കിയത് ശരിയായ നടപടിയല്ല. വാങ്ങിയ ഉപകരണങ്ങളുടെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല. ഗ്യാരന്റി, വില്പനാനന്തര സേവനം എന്നിവ സംബന്ധിച്ച രേഖകളോ അനുബന്ധ കരാറോ കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുമില്ല. വാങ്ങൽ പ്രക്രിയകളെ മരാമത്ത് പ്രവൃത്തിയായി പരിഗണിച്ച് നടപ്പാക്കുന്ന നടപടി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവഴിച്ച തുകതുക ₹ | ശേഷിക്കുന്ന തുക |
|---|---|---|---|---|
| പി.എം.എ.വൈ (അധിക ധനസഹായം) | ഇടുക്കി ജില്ലാ പഞ്ചായത്ത് | 3800000 | 3500000 (ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ച തുക) | 300000 |

| | | | | |
|---|---|---|---|---|
| പി.എം.എ.വൈ (അധികധനസഹായം) | വിവിധ ഗ്രാമപഞ്ചായത്തുകൾ | 1720344 | 1425344(ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ച തുക) | 295000 |
| പി.എം.എ.വൈ | ഇടുക്കി ജില്ലാ പഞ്ചായത്ത് | 9107000 | 9107000 (ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക ) | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ എസ് ഇ ബി | ഉപ്പുതറ ഗ്രാമ പഞ്ചായത്ത്- കാപ്പിപ്പതാൽ പുരയ്ക്കൽ കുടിവെള്ളപദ്ധതി<br>പ്രൊ.നം.22/2023 | 2006321601220012<br>2006321601220032 | ₹229427<br>₹20616 | -<br>- | ₹229427<br>₹20616 |

4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4- 8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31 മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ളം /ജലസേചന പദ്ധതി അധിക ചെലവുകൾ | തുടരുന്നു |
| 2003-04 | 3(11) | 2006-07 | 3.3, 5.1 | ഡെപ്പോസിറ്റ് വേലകൾ (KSEB, KWA, KAICO) പൂർത്തിയാക്കിയിട്ടില്ല | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കേണ്ട തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കേണ്ട തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2004-05 | 3-3 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2) /2009 തീ. 04.01.11 | 13343 | 0 | ഇല്ല | 0 | 0 | 0 | 0 | 13343 | - |
| 2 | 2004-05 | 3-8 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 4 | 2004-05 | 3-10 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 5 | 2004-05 | 3-13 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | | 0 | 0 | 0 | 0 | 16750 | - |
| 6 | 2004-05 | 3-16 | ജോസഫ് അലക്സാണ്ടർ പീറ്റർ ബി.ഡി.ഒ | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 19829 | 0 | | 0 | 0 | 0 | 0 | 19829 | - |
| 7 | 2002-03 | 3-2 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1401 | 0 | | 0 | 0 | 0 | 0 | 1401 | - |
| 8 | 2002-03 | 3-3(1) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ.07.02.07 | 2706 | 0 | | 0 | 0 | 0 | 0 | 2706 | - |
| 9 | 2002-03 | 3-3(2) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1700 | 0 | | 0 | 0 | 0 | 0 | 1700 | - |
| 10 | 2000-01 | 16 | കുര്യാക്കോസ് ജോൺ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | LF.13262/ Spl.cell. (SC2)/2005 തീ.16.10.06 | 1498 | 0 | | 0 | 0 | 0 | 0 | 1498 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 11 | 2000-01 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.13262/ Spl.cell. (SC2)/2005 തീ. 16.10.06 | 13949 | 0 | | 0 | 0 | 0 | 0 | 13949 | - |
| 12 | 1999-2000 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 480 | 0 | | 0 | 0 | 0 | 0 | 480 | - |
| 13 | 1999-2000 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 1500 | 0 | | 0 | 0 | 0 | 0 | 1500 | - |
| 14 | 1999-2000 | 22 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 10093 | 0 | | 0 | 0 | 0 | 0 | 10093 | - |
| 15 | 1999-2000 | 23 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2434 | 0 | | 0 | 0 | 0 | 0 | 2434 | - |
| 16 | 1999-2000 | 24 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2068 | 0 | | 0 | 0 | 0 | 0 | 2068 | - |
| 17 | 1999-2000 | 25 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2637 | 0 | | 0 | 0 | 0 | 0 | 2637 | - |
| 18 | 1999-2000 | 26 | എം.റ്റി സോമൻ അസി. എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 5498 | 0 | | 0 | 0 | 0 | 0 | 5498 | - |
| 19 | 1998-99 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 160 | 0 | | 0 | 0 | 0 | 0 | 160 | - |
| 20 | 1998-99 | 20 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 630 | 0 | | 0 | 0 | 0 | 0 | 630 | - |
| 21 | 1998-99 | 21 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 165 | 0 | | 0 | 0 | 0 | 0 | 165 | - |
| 22 | 1998-99 | 22 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 708 | 0 | | 0 | 0 | 0 | 0 | 708 | - |
| 23 | 1998-99 | 24 | ജോർജ്ജ് ജോസഫ്, പ്രസിഡന്റ് | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 70 | 0 | | 0 | 0 | 0 | 0 | 70 | - |
| 24 | 1998-99 | 25 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. | 2127 | 0 | | 0 | 0 | 0 | 0 | 2127 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | (SC2)/2002 തീ.29.01.2003 | | | | | | | | | |
| 25 | 1998-99 | 30 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11812 | 0 | | 0 | 0 | 0 | 0 | 11812 | - |
| 26 | 1998-99 | 31 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11458 | 0 | | 0 | 0 | 0 | 0 | 11458 | - |
| 27 | 1998-99 | 32 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 7350 | 0 | | 0 | 0 | 0 | 0 | 7350 | - |
| 28 | 1998-99 | 33 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11854 | 0 | | 0 | 0 | 0 | 0 | 11854 | - |
| 29 | 1998-99 | 35 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 36375 | 0 | | 0 | 0 | 0 | 0 | 36375 | - |
| 30 | 1998-99 | 36 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 4100 | 0 | | 0 | 0 | 0 | 0 | 4100 | - |
| 31 | 1998-99 | 37 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12425 | 0 | | 0 | 0 | 0 | 0 | 12425 | - |
| 32 | 1998-99 | 38 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12576 | 0 | | 0 | 0 | 0 | 0 | 12576 | - |
| 33 | 1998-99 | 39 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 13930 | 0 | | 0 | 0 | 0 | 0 | 13930 | - |
| 34 | 1998-99 | 40 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 10982 | 0 | | 0 | 0 | 0 | 0 | 10982 | - |
| 35 | 1998-99 | 41 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 8849 | 0 | | 0 | 0 | 0 | 0 | 8849 | - |
| 36 | 1998-99 | 42 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12392 | 0 | | 0 | 0 | 0 | 0 | 12392 | - |
| 37 | 1998-99 | 43 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 16770 | 0 | | 0 | 0 | 0 | 0 | 16770 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 38 | 1998-99 | 47 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 5000 | 0 | | 0 | 0 | 0 | 0 | 5000 | - |
| 39 | 1995-96 1996-97 | 48 | ജെ.വർഗ്ഗീസ്, മെമ്പർ എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ, മെമ്പർ കെ. പി. സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 3712 | 0 | | 0 | 0 | 0 | | 3712 | - |
| 40 | 1995-96 1996-97 | 22 | എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ മെമ്പർ, കെ.പി.സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 248 | 0 | | 0 | 0 | 0 | 0 | 248 | - |
| 41 | 1995-96 1996-97 | 23 | - | LF.6755/ Spl.cell. (SC2)/2000 തീ.01.07.00 | 3000 | 0 | | 0 | 0 | 0 | 0 | 3000 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹10151299/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹91128082/- |
| ആകെ | | ₹101279381/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹94384533/- |
| നീക്കിയിരിപ്പ് | | ₹6894848/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹688603/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് ,ഉദ്യോഗപ്പേര് |
|---|---|---|
| 1-11 | ₹688603 | ശ്രീ. സത്യപ്രകാശ് .ഡി.അസി. എൻജിനിയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | നിലവിലെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സത്യപ്രകാശ് .ഡി. അസി. എൻജിനിയർ | അസി. എൻജിനിയർ, LID & EW സബ്ഡിവിഷൻ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | രോഹിണി പ്രശാന്ത് നഗർ അലയമൺ .പി. ഒ അഞ്ചൽ, കൊല്ലം ജില്ല.-691306 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | | |
|---|---|---|---|
| 1995-96<br>1996-97 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 2 | 3-19, 3-22, |
| 1998-99 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 22 | 19,20, 21, 22, 23(1,2,3), 24, 25, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 47 |
| 1999-00 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 9 | 18, 19, 21, 22, 24, 25, 26, 27, 28 |
| 2000-01 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 3 | 16, 17, 18 |
| 2002-03 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 2 | 3-2, 3-3 |
| 2003-04 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 1 | 3-11 |
| 2004-05 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 4 | 3-3, 3-8, 3-13, 3-15 |
| 2010-11 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 3 | 3-4, 3-6, 3-7 |
| 2015-16 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 1 | 3-3 |
| 2018-19 | കെ.എസ്.എ ഐഡികെ/4/1219/ അദാ.8/22 തീ.5.8.22 | 4 | 1-12, 1-14, 1-15, 1-16 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-4/284/2022 തി.09.05.2022 | 13 | 1-1 മുതൽ 1-13 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-4/285/2022 തി.10.05.2022 | 18 | 1-1 മുതൽ 1-18 വരെ |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ. പി3-1791/2022 തീ.24.02.2023 | 05 | 1-10, 1-11, 1-12, 1-13, 1-4 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 31-05-2023 and submitted on 07-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kattappana Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kattappana Block Panchayat for the year 2022-2023

Date: 23/09/2023

Senior Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Kattappana Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.

2. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

3. Non maintenance of source documents in support of the authenticity of journal vouchers.

4. Non- inclusion of notes to accounts in financial statements and non-disclosure of material facts.

5. Generation of financial reports showing contradictory information due to non- integration of accounting software with other related software.

**2.Other Observations**

1) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2) Depreciation recorded for assets not owned by the institution.

3) Lack of authenticated journal vouchers for supporting the adjustments entries recorded in prior period items

4) Value of closing stock not included in Balance Sheet.

Senior Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്